**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി. ആമിന. പി യുടെ അന്യത്രസേവനകാലം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1061/2018/തസ്വഭവ തീയതി,തിരുവനന്തപുരം.16/04/2018

---

പരാമർശം :1) സർക്കുലർ നം.42/13/ഫിൻ തീയതി: 10/03/2013.

2) സർക്കാർ ഉത്തരവ് (സാധാ) നം.1034/15/തസ്വഭവ തീയതി 31/03/2015.

3) സർക്കാർ ഉത്തരവ് (സാധാ) നം.3179/16/തസ്വഭവ തീയതി 23/11/2016.

4) സർക്കാർ ഉത്തരവ് (സാധാ) നം.1601/17/തസ്വഭവ തീയതി 01/04/2017.

5) ശ്രീമതി ആമിന.പി യുടെ 24.11.2017 ലെ അപേക്ഷ.

6) മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 30.01.2018 ലെ പി2-1130/15 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനകാല വ്യവസ്ഥയിൽ ജോലിചെയ്യുന്ന വ്യവസായ വാണിജ്യ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ശ്രീമതി. ആമിന. പി യ്ക്ക് അന്യത്രസേവനകാലം ദീർഘിപ്പിച്ച് നല്കണമെന്നഭ്യർഥിച്ച് പരാമർശം (5) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (6) പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചു. ശ്രീമതി. ആമിന.പി യ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി അന്യത്രസേവനകാല വ്യവസ്ഥയിൽ നിയമനം നല്കുകയും പരാമർശം (3), പരാമർശം (4) ഉത്തരവുകൾ പ്രകാരം ഒരോ വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. ശ്രീമതി. ആമിന.പി യുടെ അന്യത്ര സേവനകാല വ്യവസ്ഥയിലുള്ള നിയമന കാലാവധി 31/03/2018 ൽ അവസാനിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ

അടിസ്ഥാനത്തിലും മലപ്പുറം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് വ്യവസായ വാണിജ്യ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ശ്രീമതി. ആമിന. പി യുടെ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം 01/04/2018 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡൻറ്/സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്, മലപ്പുറം

ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം

ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

ശ്രീമതി ആമിന.പി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത് മുഖേന)

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

ഡയറക്ടർ, ഐ. കെ. എം. ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(ഇപിഎ 1/49/2018/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ